

പാലക്കാട്ട് നടന്ന ഇന്റാക് വാർഷിക സമ്മേളനത്തിൽ പ്രശസ്ത കാർട്ടൂണിസ്റ്റ് ഇ.പി.ഉണ്ണി, ഡോ. വെള്ളിനേഴി അച്യുതൻകുട്ടി, അത്താച്ചി ഗ്രൂപ്പ് എംഡി എൻ.എസ്.വിശ്വനാഥൻ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ചർച്ച.

# ഇന്റാക് ജില്ലാ ചാപ്റ്റർ പത്താം വർഷത്തിലേക്ക്

പാലക്കാട് ● പൈതൃക, ചരിത്ര മേഖലയിൽ സംരക്ഷണം നടത്തുന്ന ഇന്റാകിന്റെ (നാഷനൽ ട്രസ്റ്റ് ഫോർ ആർട്ട്

ആൻഡ് കൾചറൽ ഹെറിറ്റേജ് ) ജില്ലാ ചാപ്റ്റർ പത്താം വർഷത്തിലേക്ക്. ജില്ലയിൽ കൾചറൽ ഫെസ്റ്റ്, വിദ്യാർഥികൾക്ക് ഹെറിറ്റേജ് കലോത്സവം എന്നിവ നടത്താൻ ഇന്റാക് വാർഷിക ജനറൽബോഡി തീരുമാനിച്ചു.

പ്രശസ്ത കാർട്ടൂണിസ്റ്റ് ഇ.പി. ഉണ്ണി, ഡോ.വെള്ളിനേഴി അച്യുതൻകുട്ടി, അത്താച്ചിഗ്രൂപ്പ് എംഡി എൻ.എസ്.വിശ്വനാഥനും പങ്കെടുത്ത ചർച്ചയും നടന്നു.

സമീപഭൂതകാലംപോലും മറക്കുന്നത് അപകടകരമായ സ്ഥിതിവിശേഷമാണെന്ന് ഇ.പി.ഉണ്ണി അഭിപ്രായപ്പെട്ടു. യോഗത്തിൽ ജെ.ജി.മേനോൻ അധ്യക്ഷനായി. ഇന്റാക് ജില്ലാചാപ്റ്റർ സെക്രട്ടറി അരുൺ നാരായണൻ,അനുപമ ശിവാറാം,യു.എസ് സനുഷ, ശ്രീജിത്ത് പള്ളിയിൽ, കെ.എം.സുഭാഷ് തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലയുടെ പൈതൃക, ചരിത്ര മേഖലകളെ ശ്രദ്ധയിൽപ്പെടുത്താനും വിദ്യാർഥികൾക്കും യുവജനങ്ങൾക്കിടയിലും വിഷയത്തിൽ ധാരണയുണ്ടാക്കാനും ചാപ്റ്റർ കൺവീനർ അരുൺ നാരായണന്റെ നേതൃത്വത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി. പരിപാടികളുടെ നടത്തിപ്പ് മികവിന് ദേശീയ അംഗീകാരം ലഭിച്ചു.

ഭാരവാഹികൾ: യു.എസ്.സനുഷ (കൺ), കെ.പി.പ്രശാന്ത് (കോ-കൺ), കെ.എം.സുഭാഷ് (ട്രഷ)

ജെ.ജി.മേനോൻ, കെ.എം.സുഭാഷ്, കെ.പി.ജയറാം, അരുൺ നാരായണൻ, അനുപമ ശിവറാം, ശ്രീജിത്ത് പള്ളിയിൽ, ഗോകുൽ മല്ലിശേരി, കെ.പി.പ്രശാന്ത (എക്സിക്യൂട്ടീവ് അംഗങ്ങൾ)